**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3593** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരുടെ വാഹനങ്ങൾക്ക് ഇന്ധന അലവൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭിന്നശേഷിക്കാരായ എത്ര ആളുകൾ ഉണ്ടെന്ന കണക്ക് ലഭ്യമാണോ; വ്യക്തമാക്കുമോ; | (എ) | 2015-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 7,93,937ഭിന്നശേഷിക്കാർ ഉണ്ട് . |
| (ബി) | കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഭിന്നശേഷിക്കാർക്ക് വേണ്ടി എന്തെങ്കിലും പ്രത്യേക പാക്കേജുകൾ നടപ്പാക്കിയിട്ടുണ്ടോ വിശദാംശം നൽകുമോ; | (ബി) | ( ബി ) കോവിഡ് 19 കാരണം വീട്ടുകളിൽ കഴിയുന്ന ഭിന്നശേഷിക്കാർക്കും ഇവരുടെ രക്ഷിതാക്കൾക്കും മാനസിക പിന്തുണ ലഭ്യമാക്കുന്നതിനും, അവശ്യ സേവനങ്ങളും, സഹായങ്ങളും വീട്ടു പടിക്കൽ എത്തിക്കുക എന്ന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, ആരോഗ്യം, വനിതാ-ശിശു വികസനം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ "സഹജീവനം" ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ സംസ്ഥാനത്തെ മുഴുവൻ ബ്ലോക്കുകളിലും ആരംഭിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെയും കുടുംബത്തിന്റെയും മാനസികാരോഗ്യ സംരക്ഷണത്തിനായുള്ള കൗൺസിലിംഗ് റഫറൽ സേവനങ്ങൾ, കോവിഡ്, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ നിന്നുള്ള സംരക്ഷണം, ഭിന്നശേഷിക്കാരെ പരിചരിക്കുന്ന രക്ഷിതാക്കൾ കോവിഡ് ബാധിതരാകുന്ന സാഹചര്യത്തിൽ ഭിന്നശേഷിക്കാർക്ക് സുരക്ഷിതമായി താമസ സൗകര്യം ഒരുക്കാൻ ക്രമീകരണങ്ങൾ ചെയ്യുന്നതിന് സഹായം ലഭ്യമാക്കൽ, ഭിന്നശേഷിക്കാരുടെ വാക്സിനേഷൻ നടപടികൾ ഉറപ്പ് വരുത്തൽ, മരുന്ന്, ഭക്ഷണം മുതലായവ ലഭ്യമാക്കുന്നതിന് സന്നദ്ധ സംഘടനകളുടെ സേവനം ഉറപ്പാക്കൽ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഇടപെടൽ മേഖലകൾ. കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ, ഓട്ടിസം സെന്ററുകൾ, സ്പെഷ്യൽ അങ്കണവാടികൾ എന്നിവയിലൂടെ കോവിഡ് 19 മഹാമാരി കാരണം വീട്ടുകളിൽ തന്നെ കഴിയേണ്ടി വന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് തെറാപ്പികളും |

| | | | |
|---|---|---|---|
| | | | സേവനങ്ങളും ഓൺലൈനായി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ജില്ലകൾ തോറും ക്യാമ്പുകൾ സംഘടിപ്പിച്ച് സൗജന്യമായി സഹായ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് കോവിഡ് കാലത്ത് ലോട്ടറി ധനസഹായം ആയി 5000/- രൂപ വീതം 545 പേർക്ക് അനുവദിച്ചിട്ടുണ്ട്. കോവിഡ് 19 മഹാമാരി കാലത്ത് ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ, പുതുക്കൽ ഉൾപ്പെടെയുള്ള സേവനങ്ങൾ പൂർണ്ണമായും ഓൺലൈനിൽ ആക്കിയിട്ടുണ്ട്. |
| (സി) | ഇന്ധന വില ഉയരുന്ന സാഹചര്യത്തിൽ ഭിന്നശേഷിക്കാരുടെ മുച്ചക്ര വാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് ഇന്ധന അലവൻസ് നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ
### മൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3593

21.10.2021 ൽ മറുപടിയ്ക്ക്

### ഭിന്നശേഷിക്കാരുടെ വാഹനങ്ങൾക്ക് ഇന്ധന അലവൻസ്

ചോദ്യം

ശ്രീ. എ . പി . അനിൽ കുമാർ

മറുപടി

ഡോ.ആർ.ബിന്ദു
(ഉന്നതവിദ്യാഭ്യാസ – സാമൂഹ്യനീതി
വകുപ്പ് മന്ത്രി)

| | |
|---|---|
| (എ ) സംസ്ഥാനത്ത് ഭിന്നശേഷിക്കാരായ എത്ര ആളുകൾ ഉണ്ടെന്ന കണക്ക് ലഭ്യമാണോ; വ്യക്തമാക്കുമോ; | (എ) 2015-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 7,93,937 ഭിന്നശേഷിക്കാർ ഉണ്ട് . |
| (ബി) കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഭിന്നശേഷിക്കാർക്ക് വേണ്ടി എന്തെങ്കിലും പ്രത്യേക പാക്കേജുകൾ നടപ്പാക്കിയിട്ടുണ്ടോ വിശദാംശം നൽകുമോ; | ( ബി ) കോവിഡ് 19 കാരണം വീടുകളിൽ കഴിയുന്ന ഭിന്നശേഷിക്കാർക്കും ഇവരുടെ രക്ഷിതാക്കൾക്കും മാനസിക പിന്തുണ ലഭ്യമാക്കുന്നതിനും, അവശ്യ സേവനങ്ങളും, സഹായങ്ങളും വീട്ടു പടിക്കൽ എത്തിക്കുക എന്ന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, ആരോഗ്യം, വനിതാ-ശിശു വികസനം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ "സഹജീവനം" ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ സംസ്ഥാനത്തെ മുഴുവൻ ബ്ലോക്കുകളിലും ആരംഭിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെയും കുടുംബത്തിന്റെയും മാനസികാരോഗ്യ സംരക്ഷണത്തിനായുള്ള കൗൺസിലിംഗ് റഫറൽ സേവനങ്ങൾ, കോവിഡ്, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ നിന്നുള്ള സംരക്ഷണം, ഭിന്നശേഷിക്കാരെ പരിചരിക്കുന്ന രക്ഷിതാക്കൾ കോവിഡ് ബാധിതരാകുന്ന സാഹചര്യത്തിൽ ഭിന്നശേഷിക്കാർക്ക് സുരക്ഷിതമായി താമസ സൗകര്യം ഒരുക്കാൻ ക്രമീകരണങ്ങൾ ചെയ്യുന്നതിന് സഹായം ലഭ്യമാക്കൽ, ഭിന്നശേഷിക്കാരുടെ വാക്സിനേഷൻ നടപടികൾ ഉറപ്പ് വരുത്തൽ, |

| | |
|---|---|
| | മരുന്ന്, ഭക്ഷണം മുതലായവ ലഭ്യമാക്കുന്നതിന് സന്നദ്ധ സംഘടനകളുടെ സേവനം ഉറപ്പാക്കൽ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഇടപെടൽ മേഖലകൾ.<br>കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ, ഓട്ടിസം സെന്ററുകൾ, സ്പെഷ്യൽ അങ്കണവാടികൾ എന്നിവയിലൂടെ കോവിഡ് 19 മഹാമാരി കാരണം വീട്ടുകളിൽ തന്നെ കഴിയേണ്ടി വന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് തെറാപ്പികളും സേവനങ്ങളും ഓൺലൈനായി നൽകിയിട്ടുണ്ട്.<br>കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ജില്ലകൾ തോറും ക്യാമ്പുകൾ സംഘടിപ്പിച്ച് സൗജന്യമായി സഹായ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് കോവിഡ് കാലത്ത് ലോട്ടറി ധനസഹായം ആയി 5000/- രൂപ വീതം 545 പേർക്ക് അനുവദിച്ചിട്ടുണ്ട്.<br>കോവിഡ് 19 മഹാമാരി കാലത്ത് ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ, പുതുക്കൽ ഉൾപ്പെടെയുള്ള സേവനങ്ങൾ പൂർണ്ണമായും ഓൺലൈനിൽ ആക്കിയിട്ടുണ്ട്. |
| (സി) ഇന്ധന വില ഉയരുന്ന സാഹചര്യത്തിൽ ഭിന്നശേഷിക്കാരുടെ മുച്ചക്ര വാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് ഇന്ധന അലവൻസ് നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ( സി ) ഇപ്പോൾ പരിഗണനയിലില്ല |

Jasmin Thomas

സെക്ഷൻ ഓഫീസർ